I/60983/2024

**പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 695 033**
**ഫോൺ : 0471-2304594, 0471-2303229**
**ഇ-മെയിൽ :keralatribes@gmail.com**

നമ്പർ:STDD/628/2024-B1-Part(1) തീയതി :19-02-2024

**താൽപ്പര്യപത്രം**

പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട തദ്ദേശീയ വൈദ്യൻമാരുടെ സംസ്ഥാന സംഗമം, ക്യാമ്പ്, ഉൽപ്പന്ന വിപണന മേള 2024 ഫെബ്രുവരി മാസം 28,29, മാർച്ച് 01 എന്നീ തീയതികളിലായി സംഘടപ്പിക്കുന്നതിന് തിരുവനന്തപുരം കനകക്കുന്നിലെ നിശാഗന്ധി ആഡിറ്റോറിയത്തിലും, പരിസരത്തും സംഘടിപ്പിക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. സർക്കാരിന്റെ സാംസ്കാരിക മേഖലകളിൽ ഇത്തരത്തിൽ പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ളതും വൈദഗ്ധ്യം തെളിയിച്ചിട്ടുമുള്ള 02.11.2020 ലെ G.O(Ms) No.6/2020/I&PRD സർക്കാർ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള സർക്കാർ അംഗീകൃത ഇവന്റ് മാനേജ്മെന്റ് ഏജൻസികളിൽ നിന്നും ചുവടെ പറയുന്ന ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് താൽപര്യപത്രം ക്ഷണിക്കുന്നു.

1. തദ്ദേശീയ വൈദ്യൻമാരുടെ സംസ്ഥാന സംഗമം, ക്യാമ്പ്, ഉൽപ്പന്ന വിപണന മേള നടത്തുന്നതിനുള്ള ഇവൻ്റ് പ്ലാനിംഗും & കോർഡിനേഷൻ.
2. സ്റ്റേജ് ,വേദി മാനേജ്മെൻ്റും ഇൻഫ്രാസ്ട്രക്ചറുകളുടെ ക്രമീകരണം
3. ജർമ്മൻ പന്തൽ 3 എണ്ണം
4. തദ്ദേശീയ വൈദ്യൻമാർക്ക് ആവശ്യമായ സ്റ്റാളുകൾ ക്രമീകരണം (50)
5. ഉൽപ്പന്ന വിപണന മേളക്ക് ആവശ്യമായ സ്റ്റാളുകൾ ക്രമീകരണം (10)
6. തദ്ദേശീയ ഭക്ഷണം പാചകം ചെയ്യുന്നതിനാവശ്യമായ അടുക്കളകളുടെ ക്രമീകരണം
7. പബ്ലിസിറ്റി(പ്രൊമോഷണൽ മെറ്റീരിയലുകൾ വികസിപ്പിക്കുക ,ദൃശ്യമാധ്യമങ്ങിൽ പ്രചരണം നൽകുക,സോഷ്യൽ മീഡികളിൽ ആവശ്യമായ മേളയുടെ കാമ്പെയ്നുകൾ നടപ്പിലാക്കുക)
8. എൽ.ഇ.ഡി വാൾ 4
9. പ്രചരണ ബോഡുകൾ-25(12 X8) , പോസ്റ്ററുകൾ-1000 (91cm X 58cm)
10. പരിപാടിക്ക് ആവശ്യമായ ലൈറ്റ് & സൗണ്ട് ക്രമീകരണങ്ങൾ ഏർപ്പെടുത്തുക.

താൽപ്പര്യമുള്ള ഏജൻസികൾ താൽപര്യപത്രം സമർപ്പിക്കുമ്പോൾ ചുവടെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. മുൻകാലങ്ങളിൽ സർക്കാർ സാംസ്കാരിക സംരംഭങ്ങളിൽ ഇവന്റ് മാനേജ്മെന്റ് നടത്തിയിട്ടുള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.
2. വൈദ്യൻമാരുടെ സംസ്ഥാന സംഗമം, ക്യാമ്പ്, ഉൽപ്പന്ന വിപണന മേള എന്നിവ സംഘടിപ്പിക്കുന്നതിന് മേൽ പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് തുക സംബന്ധിച്ച വിവരങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കേണ്ടതാണ്.
3. ലഭ്യമാക്കുന്ന താൽപ്പര്യപത്രത്തിന്റെ കവർ പേജിൽ "തദ്ദേശീയ **വൈദ്യൻമാരുടെ സംസ്ഥാന സംഗമം, ക്യാമ്പ്, ഉൽപ്പന്ന വിപണന മേള 2024"** എന്ന് അടയാളപ്പെടുത്തി സീൽ ചെയ്ത കവറിൽ ലഭ്യമാക്കേണ്ടതാണ്.

**താൽപ്പര്യപത്രം സ്വീകരിക്കുന്ന അവസാന തീയതി-** 23/02/2024- 03 PM
**താൽപ്പര്യപത്രം തുറക്കുന്ന തീയതിയും സമയവും-** 23/02/2024- 04 PM

താൽപ്പര്യപത്രം തുറന്ന് പരിശോധിച്ച് ആയതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള താൽപ്പര്യപത്രം അംഗീകരിക്കുന്നതാണ്. താൽപ്പര്യപത്രം നിരസിക്കുന്നതിനും അംഗീകരിക്കുന്നതിനുമുള്ള പൂർണ്ണാധികാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. താൽപര്യപത്രം സംബന്ധമായി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവുകളും നിബന്ധനകളും ഇതിന് ബാധകമായിരിക്കും.

താൽപ്പര്യപതം സ്വീകരിക്കുന്ന വിലാസം

**ഡയറക്ടർ,**
**പട്ടികവർഗവികസന വകുപ്പ്,**
**വികാസ്ഭവൻ,**
**തിരുവനന്തപുരം-33**
**കൂടുതൽ വിവരങ്ങൾക്ക് -0471 23031229 നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.**

**Signed by Meghashree D R**
**I A S**
**Date: 19-02-2024 17:09:30**

DIRECTOR

പകർപ്പ് :
1. വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2. ഐ & പി.ആർ.ഡി
3. നോട്ടീസ് ബോർഡ്